LSGD Thiruvananthapuram
Office of the Chief Engineer

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്-സർവ്വീസ് സംഘടന-LSGD ഗ്രാജ്വേറ്റ് എഞ്ചിനിയേഴ്സ് അസോസിയേഷന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ.(കൈ)22/2013/ഉ.ഭ.പ.വ. തിരുവനന്തപുരം തീയതി : 27.07.2013.

പരാമർശം:- 1. തദ്ദേശ സ്വയം ഭരണ വകുപ്പിലെ LSGD ഗ്രാജ്വേറ്റ് എഞ്ചിനിയേഴ്സ് അസോസിയേഷന്റെ 16.1.13, 15.4.13 എന്നീ തീയതികളിലെ അപേക്ഷകൾ.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.1.2013 17.4.13, 4.6.13 എന്നീ തീയതികളിലെ E1-520/13/CE/LSGD നമ്പർ കത്തുകൾ.

## ഉത്തരവ്

തദ്ദേശ സ്വയം ഭരണ വകുപ്പിലെ LSGD ഗ്രാജ്വേറ്റ് എഞ്ചിനിയേഴ്സ് അസോസിയേഷന് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച പരാമർശം 1-ലെ അപേക്ഷകൾ പരാമർശം (2)ലെ കത്തു പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്ത് അയച്ചുതന്നിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 1960ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 77ലെ വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശ സ്വയം ഭരണ വകുപ്പിലെ LSGD ഗ്രാജ്വേറ്റ് എഞ്ചിനിയേഴ്സ് അസോസിയേഷന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അസോസിയേഷന്റെ നിയമാവലിയിൽ ഭേദഗതി വരുത്തുന്നതിന് ഗവൺമെന്റിന്റെ മുൻകൂർ അനുമതി നേടേണ്ടതാണ്. വാർഷിക സാമ്പത്തിക സ്റ്റേറ്റുമെന്റ്, ഭാരവാഹികളുടെ ലിസ്റ്റ് മേൽവിലാസത്തിലുണ്ടാകുന്ന മാറ്റം തുടങ്ങിയവ യഥാസമയം വകുപ്പു മേധാവി മുഖാന്തിരം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

അംഗീകൃത സർവ്വീസ് സംഘടനകളുടെ പട്ടികയിൽ LSGD ഗ്രാജ്വേറ്റ് എഞ്ചിനിയേഴ്സ് അസോസിയേഷന് നൽകിയിരിക്കുന്ന ക്രമ നമ്പർ 301 ആണ്. അസോസിയേഷന്റെ എല്ലാ കത്തിടപാടുകളിലും ടി നമ്പർ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.ജെ.മാത്യൂ
സെക്രട്ടറി

പകർപ്പ്:- 1. പ്രസിഡന്റ്/ജനറൽ സെക്രട്ടറി. LSGD ഗ്രാജ്വേറ്റ് എഞ്ചിനിയേഴ്സ് അസോസിയേഷൻ, കൃഷ്ണ ഗാർഡൻസ്, T.C.79/883(1), കരിയ്ക്കകം, തിരുവനന്തപുരം -695 007.
2. ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, മൂന്നാംനില, റവന്യൂ കോംപ്ലക്സ്, പബ്ളിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം-33.
3. തദ്ദേശ സ്വയം ഭരണ (ഇ ഡബ്ല്യൂ) വകുപ്പ്.
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.